
# രാജാരവിവർമ്മ ഗേൾസ് ഹയർസെക്കന്ററി സ്കൂൾ



# വെളിച്ചം





# ആർ.ആർ.വി.ജി.എച്ച്.എസ്.എസ് കിളിമാനൂർ

## ഉള്ളടക്കം

എഡിറ്റോറിയൽ....................................................................... 4
സ്മരണ ........................................................................... 5
സന്ദേശം ......................................................................... 6
വിദ്യാധനം സർവധനാൽ പ്രധാനം .............................................. 7
പ്രളയം ........................................................................... 8
പുതിയ തലമുറയും ആരോഗ്യ പ്രശ്നങ്ങളും..................................... 9
ചിത്രം-ഫ്ലവർവേയ്സ്.............................................................. 10
മാപ്പ് .............................................................................. 11
ജീവിതത്തിനും മരണത്തിനുമിടയിൽ ........................................... 12
ചിത്രം-പുഴയും മലയും............................................................ 14
ചിത്രം-മുയൽക്കുട്ടൻ.............................................................. 15
ഹരിതവർണ ഭൂമി.................................................................. 16
മേഘം.............................................................................. 17
ജമന്തിപ്പൂവ്....................................................................... 19
മിക്കവിന്റെ സൂത്രം.............................................................. 20
പുഷ്പനിമാർ........................................................................ 21
മിട്ടുമിട്ടുക്കൻ....................................................................... 22
honesty awarded.................................................................. 23
ചിത്രം-ഉദയം...................................................................... 24
ഉപന്യാസം.......................................................................... 25
വാല്യവേണ്ടേ....................................................................... 26
അമ്മയാകുന്ന ഭൂമി................................................................ 27
ചിത്രം-പ്രകൃതി.................................................................... 28
കാർട്ടൂൺ.......................................................................... 29
ചിത്രം-സൂര്യകാന്തി.............................................................. 30
**നന്ദി ................................................................................ 31**

# എഡിറ്റോറിയൽ

## ചീഫ് എഡിറ്റർമാർ



സാന്ദ്ര എസ്



അഞ്ജന വിജയ്

## സബ് എഡിറ്റർമാർ



സ്നേഹസുധീഷ്



അക്ഷയ ആർ കുമാർ

# സ്മരണ

***നമ്മുടെ നാട് കടന്നുപോയ സമാനതകളില്ലാത്ത പ്രളയ ദുരന്തത്തെ ഓർക്കാം .***
***തിരുത്തലുകൾക്ക് തയ്യാറാകാം***
***നമുക്ക് കൈകോർത്ത് നില്ക്കാം .***



# സന്ദേശം



നാളെയുടെ ലോകം നിങ്ങളുടേതാകട്ടെ.അതിരുകൾ പുതിയ ആകാശങ്ങളാകട്ടെ.ഭൂമിയുടെ അവകാശികൾ നമ്മൾ മാത്രമല്ലെന്ന് മറക്കാതിരിക്കാം. എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളുടെ ശ്രദ്ധേയമായ ഈ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു.

(ഒപ്പ് )

ജ്യോതി എസ്

ഹെഡ് മിസ്ട്രസ്

ആർ .ആർ.വി.ജി.എച്ച്.എസ്.എസ്

കിളിമാനൂർ

## വിദ്യാധനം സർവധനാൽ പ്രധാനം

ഒരു ഗ്രാമത്തിൽ ചെറിയ ഒരു കുടുംബം താമസിച്ചിരുന്നു. അച്ഛനും അമ്മയും രണ്ട് കുട്ടികളും. സന്തോഷത്തോടെ അവർ കുടടുംബജീവിതം നയിച്ചു പോന്നിരുന്നു. അച്ഛനും അമ്മയും കൃഷിപ്പാടത്ത് പണിയെടുത്താണ് കുട്ടികളെ പോറ്റിയിരുന്നത്. ചെറിയ വരുമാനമാണെങ്കിലും പരസ്പരം സ്നേഹത്തോടെയും സന്തോഷത്തോടെയും കഴിഞ്ഞിരുന്നു. ബാലുവും മല്ലുവും എന്നായിരുന്നു രണ്ടുപേരുടെയും പേര്. ഇളയവനായ മല്ലു പഠിത്തത്തിലും മൂത്തവനായ ബാലു കളിയിലും മിടുക്കനായിരുന്നു. ഫുട്ബോൾ കളിയിലായിരുന്നു ബാലുവിന് താല്പര്യം. മക്കളുടെ ഈ താല്പര്യങ്ങൾ അറിഞ്ഞ് അച്ഛനും അമ്മയും പാടത്ത് പണിയെടുത്ത് കഷ്ടപ്പെട്ടാണെങ്കിലും മക്കളുടെ ഈ വളർച്ചയെ അവർ അഭിനന്ദിച്ചിരുന്നു. നമ്മളുടെ കഷ്ടപ്പാട് മക്കൾക്ക് ഭാവിയിൽ ഉണ്ടാവരുത് എന്നത് ഓർത്താണ് അവർ കുട്ടികളെ ദു:ഖമറിയാതെ വളർത്തുന്നത. പക്ഷെ ഇവരുടെ അയൽവക്കത്ത് ഒരു പണക്കാരനായ കുടുംബം താമസിച്ചിരുന്നു. അവരാണെങ്കിൽ കുട്ടികളുടെ ആഗ്രഹത്തിനൊത്ത് നിന്നു. അതിനൊത്തു അവർ പഠിക്കാനും മോശമായിരുന്നു. അഹങ്കാരത്തിൽ വളർന്ന പണക്കാരനായ കുടുംബത്തിലെ കുട്ടികൾക്ക് ഈ ബാലുവിന്റെയും മല്ലുവിന്റെയും പഠിത്തത്തിൽ അസൂയ ഉള്ളത് കൊണ്ട് ഇവർ അതുവഴി പോകുമ്പോളൊക്കെ അവർ കളിയാക്കുമായിരുന്നു. അവർക്ക് ഇത് കേട്ടപ്പോൾ വിഷമം വന്നു. അങ്ങനെ അവർ വന്നു അച്ഛന്റെ അടുത്തു ചെന്നു പറഞ്ഞു. അപ്പോൾ അച്ഛൻ പറഞ്ഞു മക്കളേ നിങ്ങൾ അതൊന്നും കാര്യമാക്കേണ്ട പഠിത്തത്തിലും കളിയിലും മാത്രം ശ്രദ്ധിച്ചാൽ മതി. ആര് കളിയാക്കിയാലും നിങ്ങൾ അത് കാര്യമാക്കേണ്ട ഞാനൊരു കൃഷിക്കാരനാണെങ്കിലും ഞാൻ കഷ്ടപ്പെട്ട് നിങ്ങളെ പഠിപ്പിച്ച് നല്ല ഉയർച്ചയിലെത്തിക്കും. നിങ്ങൾ രണ്ടുപേരും പരസ്പരം സ്നേഹത്തോടെ കഴിഞ്ഞാൽ നിങ്ങളെ ആർക്കും തോൽപ്പിക്കാനോ നശിപ്പിക്കാനൊ കഴിയില്ല. നിങ്ങൾ രണ്ടുപേരും പരസ്പരം സ്നേഹിച്ച് ജീവുക്കാൻ തുടങ്ങിയാൽ കുടുംബ ജീവിതവും ഐശ്വര്യ പൂർണമായി തീരും. അങ്ങനെ അച്ഛന്റെ വാക്കുകൾ കേട്ട് ബാലുവുഡ് മല്ലുവും നല്ല കിലയിൽ എത്തുകയും ബാലു പല്ലൊരു ഫുട്ബോൾ താരമാകുകയും മല്ലു പഠിച്ചു നല്ല ഒരു ഉദ്യോഗസ്ഥൻ ആകുകയും ചെയ്തു. കളിയാക്കിയിരുന്ന ഉയർന്ന കുടുംബത്തിലെ മക്കൾ ഒന്നും അല്ലാതാവുകയും ചെയതു.

ഗുണപാഠം:- കഷ്ടപ്പെട്ട് പഠിക്കുന്നതിന്റെ ഗുണം ഉപയോഗപ്പെടുക തന്നെ ചെയ്യും. പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ഇല്ല. അവനവൻ തന്നെ കഷ്ടപ്പെട്ട് പഠിച്ചാൽ ഭാവിയിൽ ഏത് ഉയരത്തിലും എത്താം....

കൃഷ്ണപ്രിയ എം.വി.
8 സി

## പ്രളയം

മതിലുകളില്ല വീടുകളെങ്ങും
പ്രളയം പ്രളയം പ്രളയം മാത്രം
അതിനുമുകളിൽ തുഴയും
മർത്ത്യനു കാഴ്ചകളെല്ലാം ഒന്നായി
കുടിലുകളും കൊട്ടാരവുമിന്ന്
പ്രളയത്താൽ ബന്ധിതമായി
മനുഷ്യൻ താൻ ജീയൻ തന്നെ
രക്ഷിക്കാൻ കേഴുന്നു.
വലിയവനില്ല ചെറിയവനില്ല
മതവും ജാതിയും ഒന്നുമേയില്ല
പടവും വേണ്ട സ്വത്തും വേണ്ട
ജീവൻ മാത്രം മതിയെന്ന്.
രക്ഷയ്ക്കെത്തും കൈകൾ നോക്കി
നിലവിളിച്ചു കേഴുന്നു.
ദൈവത്തിൻ പ്രതിരൂപങ്ങൾ
അക്ഷിപ്പാനായി ചായുമ്പോൾ.
സ്നേഹത്തിൻ ചിറകുകൾ വീശി
നാമൊന്നായ് പാടുന്നു.
പടുത്തുയർത്താം നാമൊന്നിച്ച്
വീണ്ടുമൊരു നവകേരളം.

അനശ്വര. എ.എം.
6 എ

## പുതിയ തലമുറയും ആരോഗ്യപ്രശ്നങ്ങളും

നമ്മൾ നിത്യവും കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങൾ നമ്മുക്ക് തിരിച്ചറിയാം. പുതിയ തലമുറയിലെ കുട്ടികൾ, അതുംഝ ചെറുപ്പക്കാർ മദ്യപാനത്തിനും പുകവലിയ്ക്കും കഞ്ചാവിനും അടിമകളാകുന്നു. ഇപ്പോഴത്തെ തലമുറയ്ക്ക് ഇതൊക്കെ കവറും നിസ്സാരകാര്യങ്ങളാണ്. എന്തെന്നറിയാനുള്ള ആകാംഷയാൽ ഇതിനടിമകളാകുന്നു. മാത്രമല്ല, പിന്നിലമു വിപത്തവരറിയുന്നില്ല.

യുവതലമുറയ്ക്ക് ഭീഷണിയാകുന്ന മറ്റൊരു വസ്തുവാണ് 'മൊബൈൽ ഫോൺ' എന്നത്. ഇത് അവരുടെ കാഴ്ചശക്തിയും ചിന്താശക്തിയും കുറയ്ക്കുന്നു. കുടുംബങ്ങൾ തമ്മിലുള്ള അകൽച്ച കൂടുന്നു. 'ഫെസ്ബുക്ക്', 'വാട്ട്സാപ്പ്' തുടങ്ങിയ അപ്പുകളിലൂടെയുവതലമുറയിലെ കുട്ടികശ വഴിതെറ്റിപോകുന്നു. മൊബൈൽ ഫോൺ ഒരു നല്ല സഹായിയാണ് എന്നാൽ ഉപയോഗിക്കുന്നത് കണക്കായിരിക്കും അതിന്റെ ഫലം. പൂതിയ തലമുറ നേരിടുന്ന ഒരു വലിയ വിപത്ത് തന്നെയാണ് ഇവ. അർബുദം തുടങ്ങിയ മാരകമായ അസുഖങ്ങൾ പുകവലിയിലൂടെയും മദ്യപാനത്തിലൂടെയും വന്നുചേരുന്നു. ലോകം മുഴുവൻ നേരിടുന്ന പ്രശ്നങ്ങളാണ് ഇവ. ദിവസവും ഇതിനെ സംബന്ധിച്ച ദൃശ്യവാർത്തകൾ നാം കേൾക്കാറുണ്ട്. കാലം മാറുന്നതിനനുസരിച്ച് കോലവും മാറി. ഇന്നത്തെ തലമുറ ഫാഷനുപിന്നാലേ ഓടുകയാണ്. 'ഫാസ്റ്റ് ഫുഡ്' എന്ന് അഞ്ജാത ഭികരന്റെ സാന്നിദ്ധ്യമില്ലാതെ ജീവിക്കാൻ കഴിയാതെ വരുന്നു ഈ യുവതലമുറയ്ക്ക്. ഇതിനുപിന്നാലേ വന്നുചേരുന്നത് എണ്ണിയാലൊടടുങ്ങാത്ത രോഗങ്ങളാണ്. 'സ്ലിം ബ്യൂട്ടി' യാകാനുള്ള തിരക്കിനിടയിൽ അവർ ഭക്ഷണരീതി മറക്കുന്നു.

പവിത്ര പി.എസ്.
8 സി.

# ഫ്ലവർവേസ്



കൃഷ്ണ സുധീഷ്
7B

## മാപ്പ്

മാപ്പ് നൽകൂ മാപ്പ് നൽകൂ ഭൂമിയേ
അമ്മേ മാതൃനാടേ എന്റെ ഭൂമിമാതേ
നിൻമുലപ്പാൽ കുടിച്ചു വളർന്നവർ ഞങ്ങൾ
അമ്മേ നിൻമക്കളാം ഞങ്ങൾക്ക് നീതന്നനല്ല ദിവസങ്ങൾ
നിൻ സ്നേഹത്തിന് തിരികെ നൽകുന്നത്
ഞങ്ങൾ നിൻ നാശമോ നിനക്ക് കണ്ണീരോ
നിൻമക്കൾ ഞങ്ങൾ മനുഷ്യർ സ്വന്തം ആവശ്യങ്ങൾക്കായി
എത്രനാളമ്മേ, എനിയും എത്രനാളമ്മേ ഞങ്ങൾ നിന്നെ നശിപ്പിപ്പൂ
സഹിക്കാൻ കഴിയില്ല നിനക്ക് അമ്മയാം നീ ഞങ്ങൾക്ക്
മുൻപിൽ ഉഗ്രരൂപിയാകുന്നു കാറ്റായി മഴയായി
തീയായി നീ എന്തിന് തെറ്റ് ചെയ്യാത്തവരെ ശിക്ഷിക്കുന്നു
നീ എന്തിന് കോപിക്കുന്നു മാതേ നിയാണ് ദൈവം
ഞങ്ങൾക്ക് നീയാണ് മാതാ
അമ്മേ നിൻ കാലിൽ വീഴുന്നു ഞങ്ങൾ ക്ഷമിക്കൂ ഞങ്ങളോട്
മാപ്പ് നൽകൂ മാതേ
നൽകൂ സ്നേഹം.

ദേവികാലക്ഷ്മി എസ്.എസ്.
8 എ

**ജീവിതത്തിനും മരണത്തിനുമിടയിലായ ഒരു നിമിഷം.........**

അഞ്ചുമാസം പ്രായമുള്ള കുഞ്ഞിനെയും എടുത്ത് ഓടിയത് മാത്രമാണ് നീലി മയ്ക്ക് ഓർമ്മയുള്ളത്. തൊട്ടടുത്ത വീട്ടിലെത്തിയപ്പോഴേക്കും അവൾ തളർന്ന് വീടിരുന്നു. വലിയ ശബ്ദത്തിൽ എന്തോ ഇടിഞ്ഞ് വീഴുന്നത് കേട്ട് അയൽവാസികൾ പുറത്തിറങ്ങിനോക്കുമ്പോൾ നീലിമയുടെ വീടിനുമുകളിലൂടെ തൊട്ടടുത്ത മല ഇടിഞ്ഞ് വീണിരിക്കുന്നു. നേരം വെളുത്തപ്പോഴാണ് നീലിമ കാര്യം എന്താണെന്ന് അറിയുന്നത്. പാതിരാത്രി ഒരു മൂന്ന് മണി കഴിഞ്ഞപ്പോൾ ചെറിയ ശബ്ദം കേട്ടാണ് നീലിമ ഞെട്ടിയുണർന്നത്. കട്ടിലിൽ കിടന്ന തന്റെ പൊന്നോമനെയെയും എടുത്ത് അവൾ പുറത്തേയ്ക്കോടിയതാണ്. നേരം വെളുത്തപ്പോൾ കാണുന്നത് അവളുടെ വീടിരുന്ന ഭാഗത്ത് മണ്ണും, ചെളിവെള്ളവും മാത്രം. എന്ത് ചെയ്യണമെന്നറിയാതെ അവൾ ആകെ തളർന്നുപോയി. ഇനി എവിടേയ്ക്കാണ് പോവുക. രാവിലെ തന്നെ പത്രക്കാരും , മീഡിയക്കാരും എത്തിയിരുന്നു. വീടിടിഞ്ഞത് കവർ ചെയ്യാനായി. അവർ നീലിമയോട് എന്തൊക്കെയോ ചോദിച്ചു. അവളാണെങ്കിൽ ആകെ തളർന്നു ഒന്നും മിണ്ടാൻ കഴിയാതെ ഇരിക്കുകയാണ്. അവൾ രാധികയുടെ വീട്ടിലായിരുന്നു രണ്ടു ദിവസം കഴിഞ്ഞുകൂടിയത്. മൂന്നാം ദിവസം രാവിലെ രാധികയുടെ വീട്ടിനുള്ളിലേയ്ക്ക് വെള്ളം കയറി. പെട്ടെന്ന് വെള്ളം ഉയർന്ന് കൊണ്ടിരുന്നു. രാധികയും രണ്ടു പെൺ മക്കളും, നീലിമയും, കുഞ്ഞും കൂടി എങ്ങനെയൊക്കെയോ പുറത്തിറങ്ങി വീടിനടുത്തുള്ള ഒരു കൊച്ചു പാറമുകളിൽ കേറി നിന്നു ഭക്ഷണം പോലും കഴിയ്ക്കതെ അവർ പതിനൊന്ന് മണിവരെ ആ പാറമുകളിൽ നിന്നു. അവരുടെ നിലവിളി ആരും കേട്ടില്ല. രാവിലെ തന്നെ വെള്ളം ഉയരുന്നത് കണ്ട് നാട്ടുകാരും ഫയർഫോഴ്സും മറ്റുള്ളവരും ചേർന്ന് ആ നാട്ടുകാരെ സഹായിച്ചു കൊണ്ടിരിയ്ക്കുകയാണ്. പെട്ടെന്ന് അവൾ പാറമുകളിൽ നിന്ന് നിലവിളിയ്ക്കുന്ന നീലിമയെയും, രാധികയെയും രണ്ട് പെൺകുട്ടികളെയും കണ്ടു. നാട്ടുകാരും മറ്റും ചേർന്ന് ഒരു ചെറിയ തോണി അവരുടെ അടുത്തെത്തിച്ചാ. അതിൽ അവരെ നാലുപേരെയും , ആ പെന്നോമനെയെയും അവർ കയറ്റി. അവർ ആ തോണി വെള്ളം ഇല്ലാത്ത ഒരു സ്ഥലത്ത് നിർത്തിയിട്ട് ഇവരെ അഞ്ചുപേരെയും ഒരു ബസിൽ കയറ്റിയിരുത്തി. ബസിൽ നിറയെ ഇവരെ പോലെ കൊണ്ടുവന്ന അമ്മമാരും , കുഞ്ഞുങ്ങളും, വയസ്സായവരുമൊക്കെയുണ്ടായിരുന്നു. അവരെയെല്ലാം ഒരു സ്കൂളിനുമു

ന്നിലെത്തിച്ചു അവരെല്ലാം അവിടെ ഇറങ്ങി. അവിടെയും ഇതുപോലെ ഒരു പാട് പേർ ആ ദുരിതാശ്വാസ ക്യാമ്പിലുണ്ടായിരുന്നു. അവിടെവാണെങ്കിൽ ഭക്ഷണവും, വെള്ളവും , മറ്റു ആവശ്യസാധനങ്ങളും എല്ലാം കുറവായിരുന്നു. എല്ലാവരുടെയും മുഖത്ത് മരണത്തിനും ജീവിതത്തിനുമിടയിൽ നിന്ന നിമിഷങ്ങൾ മാത്രം കാണാം. നീലിമയ്ക്കാണെങ്കിൽ ഇവിടെനിന്നും എവിടേയ്ക്കാണ് ഇനി പോവുക എന്ന ചിന്ത മാത്രമാണ്. വീട്ടുകാരുടെ സമ്മതമില്ലാതെയാണ് അവൾ രണ്ട് വർഷങ്ങൾക്കു മുമ്പ് വിനയന്റെ കൂടെ ഇറങ്ങി വന്നത്. വിനയനുമൊത്ത് അവൾ രണ്ടു വർഷം സന്തോഷത്തോടെ ജീവിച്ചു. അവൾ ഒരു ആൺ കുഞ്ഞിന് ജന്മം നൽകി മൂന്ന് മാസങ്ങൾക്ക് ശേഷം വിനയൻ ഒരു വാഹനപകടത്തിൽ മരണപ്പെട്ടു. പിന്നെയവൾ ഒറ്റയ്ക്കാണ് ജീവിച്ചത്. വിനയന്റെ മരണശേഷം അവൾക്ക് നേരിടേണ്ടിവന്ന മറ്റൊരു ദുരിതമായിരുന്നു ഈ വെള്ളപ്പൊക്കം. അവൾ ഒറ്റയ്ക്ക് ജീവിച്ചിട്ടും വീട്ടുകാരും, ബന്ധുക്കളും ആരും അവളെ സഹായിച്ചിരുന്നില്ല. അവൾ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന ചിത്രങ്ങളും വാർത്തകളും കണ്ടിട്ട് അവളുടെ ദുരിതം കണ്ട് അവളെ അന്വേഷിച്ച് അവളുടെ


അച്ഛനും അമ്മയും ആ ക്യാമ്പിലെത്തി. അച്ഛനെയും അമ്മയെയും കണ്ട നീലിമയ്ക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. അവർ നീലിമയേയും, കുഞ്ഞുമോൻ ആരോമലിനെയും മാറിമാറി നോക്കി. നീലിമ ഓടി അമ്മയെ കെട്ടിപ്പിടിച്ചു കൊണ്ട് സങ്കടം സഹിക്കവയ്യാതെ അവർ കരഞ്ഞു. അച്ഛനും ആരോമലിനെയെടുത്ത് വെച്ച് കൊണ്ടിരുന്നു. അച്ഛന്റെയും കണ്ണുകൾ നിറഞ്ഞു . നീലിമയെയും കുഞ്ഞിനേയും അവർ വീട്ടിലേയ്ക്ക് കൊണ്ടുപോകുകയാണ്. രാധികയും കുട്ടികളും അവരെ സന്തോഷത്തോടെ പറഞ്ഞയച്ചു. ഇതെല്ലാം എന്താണെന്ന് പോലും അറിയാതെ ആ കുഞ്ഞുമോൻ ആരോമൽ നീലിമയുടെ അച്ഛന്റെ തോളിൽ കിടന്ന് പിന്നിലേയ്ക്ക് നോക്കി ഒരു ചെറുപുഞ്ചിരി നൽകി വീട്ടിലേയ്ക്ക് പോയി.

Submitted by

Asiya Suha. S

X A

# പുഴയും മലയും



കൃപ സുധീഷ്
7B

# മുയൽക്കുട്ടൻ



കാവ്യ എസ്
8D

## ഹരിത വർണ്ണ ഭൂമി

പച്ച പുതച്ചൊരു ഭൂമി നമ്മുടെ ഭൂമി
ഹരിതവർണശ്യാമള കോമള ഭൂമി
വയലുകളും ,മരങ്ങളും ,കുന്നുകളും
നിറഞ്ഞൊരു ഭൂമി ,ഹരിതവർണ്ണ ഭൂമി

ഇന്നെന്തേ ഭൂമിക്കിതെന്തു പറ്റി
എന്തേ ഭൂമിക്കിതെന്തു പറ്റി
വയലും മരവും കുന്നുകളുമെല്ലാം
കുറഞ്ഞതിനു കാരണം നമ്മൾ തന്നെ

വയലുകൾ നികത്തി മരങ്ങൾ വെട്ടി
കുന്നുകൾ നിരത്തി മണല് കോരി
കൊടും ക്രൂരത കാട്ടി നമ്മൾ
ആ ഹരിത വർണ്ണ ഭൂമിയോട്

ആസിയ സുഹ എസ്
10A

**മേഘം**

ഗഗനം തന്നിൽ മൃഗമായ് വരും

മന്ദമാരുതൻ വീശുന്നേരം
മാറുമത് വരമായ്
വെള്ള മേഘം തൻ കുസൃതി
സന്തോഷം ആഹ്ലാദം നൽകുന്നുവല്ലോ
നീലാകാശം  തന്നുടെ സുഹൃത്താം മേഘം
മന്ദമാരുതൻ തന്നുടെ സുഹൃത്ത്
സുഹൃത്തിനൊപ്പമാണെപ്പോഴും
ആകാശം നീളെ വിലസിനടപ്പൂ മേഘം

സായാഹ്നത്തിൽ രക്തവർണ്ണോജ്വലം
കാർമുളിൽ വർണ്ണനായ് മഴതരും
ജലമായ് യാത്ര ജരമായ് മടക്കം
ആഹ്ലാദമാം സന്തോഷം നൽകും സുഹൃത്ത്
പ്രച്ഛന്നവേഷമണിഞ്ഞ് സുഹൃത്തിനൊപ്പം വിലസിടും
നിമിഷത്തിൽ മാറും  വേഷം
കുട്ടികകൾക്കൊന്നും പ്രിയം
മനോത്സാഹം നൽകുമവൻ
ദൈവതുല്യനാം മേഘം

കറുത്ത സിംഹമായ് വന്ന്
ചെറിയ കൊടുമാടിയായി മാറി
നീലക്കാർ പർവ്വതമായി പോകുമല്ലോ
നിദ്ര തൻ നിറമല്ലോ
ഈശ്വരൻ തൻ തേരല്ലോ
ദൈവം തൻ തൂണല്ലോ
സൂര്യകിരണങ്ങളെ കാറ്റിൽ പറത്തി
മനുഷ്യരെ രക്ഷിപ്പവൻ മേഘം
മഴവെള്ളസംഭരണിയാമവൻ
സമുദ്രം തന്നുടെ വസ്ത്രമവൻ

മഴവെള്ളസംഭരണിയാമവൻ
സമുദ്രം തന്നുടെ വസ്ത്രമവൻ
കവികൾ തന്നുടെ സ്വത്താണ് മേഘം
ഭൂമി തൻ രക്ഷകനല്ലോ മേഘം

എങ്ങും കാണുന്ന സുഹൃത്ത്
വിവേചനമില്ലാത്ത സ്നേഹം
ആവശ്യങ്ങൾ നിറവേറ്റുന്നവൻ
ദൈവതുല്യനാം സുഹൃത്ത്
അതാണ് നമ്മുടെ
കുഞ്ഞു മേഘം

by
Gayathri V.Pillai
VIIA

# ജമന്തിപ്പൂവ്

കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നു
നിന്നെ എത്രനാളായി ഞാൻ കാത്തിരിക്കുന്നു.
ഒന്നു കാണാൻ നിന്നെ വർണ്ണഭേദങ്ങളാൽ
കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നു.

വിത്തുവിതച്ചു ഞാൻ വെള്ളമൊഴിച്ചു.
തളിരില കണ്ടു ഞാൻ ആനന്ദിച്ചു
പൂമൊട്ട് വന്നപ്പോൾ അതിയായ ആഗ്രഹം
പിന്നെ എന്താണു നീ വിരിയാത്തത്.

സന്തോഷമില്ലെനിക്കൊട്ടുമില്ല
ഒന്നുവിരിയൂ എൻ ജമന്തിപ്പൂവേ.
കാത്തിരിക്കുന്നു ഞാൻ
ഒന്നു കണ്ടിരിക്കുവാൻ കാത്തിരിക്കുന്നു.

കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നു
നിന്നെ എത്രനാളായി ഞാൻ കാത്തിരിക്കുന്നു.
ഒന്നു കാണാൻ നിന്നെ വർണ്ണഭേദ-
ങ്ങളാൽ കാത്തിരിക്കുന്നു ഞാൻ കാത്തിരിക്കുന്നു.

Niranjana Vardhan

VIII B

# മിക്കുവിന്റെ സൂത്രം

മഹാ അഹങ്കാരിയും കൊതിയനുമായിരുന്നു ചിമ്പു എന്ന കുരങ്ങൻ. ഒരു തേൻമാവിലായിരുന്നു അവന്റെ താമസം. എല്ലാദിവസവും അവൻ മാമ്പഴം പറിച്ചുതിന്നും. എന്നാൽ അവൻ ആർക്കും ഒരു മാമ്പഴം പോലും കൊടുക്കില്ല. ഒരു ദിവസം ചിമ്പു മാമ്പഴം തിന്നുമ്പോൾ മാനുകളും മുയലുകളും അവിടെ വന്നു. ‘‘ഞങ്ങൾക്കും മാമ്പഴം തരുമോ?’’ അവർ ചോദിച്ചു. അതു കേട്ട് ചിമ്പു പറഞ്ഞു ; ‘‘ഞാൻ നിങ്ങൾക്ക് മാമ്പഴം തരുമെന്ന് കരുതി ആരും ഇവിടെ നിൽക്കണ്ട’’. അപ്പോഴാണ് മിക്കുകരടി അതുവഴി വന്നത്. ‘‘ഞാനൊരു സൂത്രം പ്രയോഗിക്കാം’’. മിക്കു വേഗം കല്ലുകൾ പറക്കി ചിമ്പുവിനെ എറിയാൻ തുടങ്ങി. ‘‘എടാ കുരങ്ങാ, നിന്നെ ഞാൻ ഈ മാവിൽ നിന്ന് ഓടിക്കും’’ മിക്കു പറഞ്ഞു. ‘‘ഹും! എന്നെ കല്ലെറിയുന്നോ?’’ ചിമ്പു മാമ്പഴങ്ങൾ പറിച്ചു മിക്കുവിനെ എറിഞ്ഞു. ‘‘നിങ്ങൾ വേഗം മാമ്പഴം പറുക്കിയെടുത്തോ’’മിക്കു പറഞ്ഞു. അപ്പോഴാണ് മിക്കു പറ്റിക്കുകയായിരുന്നു എന്ന് ചിമ്പുവിന് മനസ്സിലായത്. അപ്പോഴേക്കും എല്ലാവരും മാമ്പഴം പെറുക്കിയെടുത്ത് ഓടിക്കഴിഞ്ഞിരുന്നു.

Nandana Binod

VIII C

## പുഷ്പനിമാർ

പുഷ്പനീഗായികമാരേ നിൻ മാറിലോരോ
പൂമൊട്ടുകൾ വിടരുവാൻ തുടങ്ങിയിരിന്നുന്നു.
നിൻ കാന്തിപ്രവാഹം ഇതാ മധുരിക്കുന്നു
നിന്റെ പൂത്തണ്ടിലേറ്റിയ ഹരിതയാം ഇലകൾ-
നിന്നെ കാന്തിയാക്കുന്നു പൂവിൽ.

നിൻ സൗന്ദര്യമെന്തേ ഈ പരവതാനിയിൽ
മുങ്ങിയിരിക്കുന്നുവോ.......
നിൻ സുഗന്ധമെന്തേ നമ്മെ തലോടുന്നു
വണ്ടുകൾ മുരളുന്നു, ശലഭങ്ങൾ പറക്കുന്നു
നിൻ മാറിനു ചുറ്റിലായി

ഹാ! നിന്റെമൊട്ടിന്റെ ചിരിയിൽ
ഒളിച്ചിരിക്കുന്ന സൗന്ദര്യത്തെ
ആസ്വദിക്കാനെന്തിനേ ഇത്ര പേർ
തെന്നൽ തലോടുകൾ നിന്നെ കുളിർപ്പിക്കുന്നില്ലേ-
മധുരിപ്പിക്കുന്നില്ലേ

ഇത്രയും സൗന്ദര്യമാം നിന്റെ കാന്തിയെ-
കാണുവാൻ ഞാനുമെത്തുമ്പോൾ
കമ്പൊടിച്ചു കുത്തരുതേ മഹിയിൽ
പുഷ്പനീ നിന്നോടു വിട......

Vrindha V

IX B

## മിടുമിടുക്കൻ

ഒരു കാട്ടിൽ മിടുമിടുക്കനായ ഒരാൺമാനും മിടുമിടുക്കിയായ പെൺമാനും താമസിച്ചിരുന്നു. ഇത്തിരിപോലും പിരിഞ്ഞിരിക്കാനാവാത്തത്ര സ്നേഹമായിരുന്നു അവർക്കു തമ്മിൽ. നാളുചിലതു കഴിഞ്ഞപ്പോ പെൺമാൻ ഗർഭിണിയായി ഭാര്യയോ വീട്ടിൽതതന്നെ കിടത്തി മേലനങ്ങാണ്ടെ നോക്കി ആൺമാൻ. ഓരോ ദിവസോം കഴിഞ്ഞതും പെൺമാനിന്റെ വയറ് വീർത്തുവന്നു. ദേ, നമ്മുടെ പൊന്നുമ്മോൻ അങ്ങനെ കണ്ടോ? നിറവയറ്റിൽ കാതമർത്തിയിരുന്ന ആൺമാനിനോട് പെൺമാൻ ചോദിച്ചു. ശ്ശൊ ഇവനെപ്പെഴ ഒന്നു പുറത്തു വരുണ്ണേ? ആൺ മാനിന് മാൻകുട്ട്യേ കാണാൻ തിരക്കായി. ഒരു ദിവസം പെൺമാനിന് പേറ്റുനോവുണ്ടായി. ആരു കണ്ടാലും കൊരിക്കണ ഒരു സുന്ദരക്കുട്ടൻ വിറച്ചുവിറച്ച് എണീറ്റുനിന്നു മാൻകുട്ടി. അച്ഛന്റെയും അമ്മടെയും പൊന്നുങ്കുട്ടോന്ന് വിളിച്ച് രണ്ടാളും അവനുകൊടുത്തു ഓരോ പൊന്നമ്മമാനച്ഛൻ ചക്കരക്കുട്ട്യേ നിലത്ത് നിർത്ത്യേല്ല്യ മാനമ്മ മോനെ പൊന്നുപോലെ നോക്കി കുട്ടി വളർന്നു വന്നതും ആൺമാൻ തന്നെ എല്ലാം പഠിപ്പിക്ക്യേം ചെയ്തു ഓട്ടം ചാട്ടം ബുദ്ധി, ഔചിത്യം, ഗുണം, ദോഷം........ പത്തിരുപത് ദിവസം കൊണ്ട് മാൻകുട്ടി അസ്സലൊരു മിടുക്കൻ കുട്ട്യായി. അവന്റെ കാര്യം നോക്കാൻ അവനായിന്ന് അച്ഛനാമമ്മയ്ക്കും തോന്നി. ഒരു ദിവസം മാൻക്കുട്ടി ഒറ്റയ്ക്കിങ്ങനെ നടക്കായിരുന്നു പച്ചകാടു നിരന്നു നിൽക്കുന്ന ഇളം പുല്ലും തണുത്ത കാറ്റും ...... സന്തോഷം സഹിക്കവയ്യാണ്ടെ മാൻകുട്ടി തുള്ളിച്ചാടി ഓടി നടന്നു. പെട്ടെന്ന് കാലുകൾ നൊന്തു. കാലിൽ എന്തോ ചുറ്റി വരിയണപ്പോലെ പാവം മാൻകുട്ടി വേട്ടക്കാരുടെ വല്ലേലാണ് താൻ കുടുങ്ങിയെന്ന് കുറേകഴിഞ്ഞപ്പോഴാ അവന് പിടികിട്ടിയത്. ദൂരേന്ന് കുറേ ആൾക്കാരുടെ വർത്തമാനോം കേൾക്കണു. വേട്ടക്കാര് വരണതാകും. ഇനിയിപ്പോ എന്താ ചെയ്യാ? കാലെല്ലാം നീട്ടിവെച്ച് ചത്തുമലച്ചപോലെ ഒരൊറ്റ കിടത്തം കിടന്നു അവൻ. വലേൽ മാൻ കുട്ടി കുടുങ്ങിയ കണ്ട് വേട്ടക്കാര് ഓടി ചെന്നു. അത് ചത്ത മാനാണെന്നറിഞ്ഞ് അവരുടെ മുഖം തൊട്ടാവാടിയെപ്പോലെ വാടി. മാൻ കുട്ടിയെ കാലിൽപിടിച്ച് ഒരേറെറിഞ്ഞ് അവര് പോയി. മാൻകുട്ടിയോ? എണീറ്റ് അച്ഛന്റേം അമ്മേടേം അടുത്തേയ്ക്ക് ഒറ്റ ഓട്ടം. മിടുക്കൻ മോനാട്ടോ! ആൺമാനും പെൺമാനും ചക്കരക്കുട്ടന് ഉമ്മകൊടുത്തു.

നന്ദി

Anamika.R.Aji
VI B
Roll No : 10
R.R.V.H.S.S Kilimanoor

## HONESTY REWARDED

Meena was a poor girl aged ten she had lost her parents. She visited every houses to collect plastic materials to earn a living.

One day when Meena was going to collect plastic materials, she found some plastic covers and bottles dumped by the side of the road Meena was very happy to see so much material together. She collected the bottles and covers in her sack then to her surprise and shock. She found a purse with lost of money under the waste. She took that purse but her hands and mind were shivering

Meena looked around in fear and found police man on the other side of the road. She gave the purse to the policeman Together they went to the police station and gave the purse to the inspector.

He was pleased with the honesty of the girl He asked here where abouts Her story filled him with pity. He took Meena to his house sent her to school and brought her up as his own daughter. Thus the poor girl got the due reward of her honesty

Done by
Ruby . A S
VIII.C

# ഉദയം



അഞ്ജനാ വിജയ്
9D

ഉപന്യാസം

വയസ്സായിപ്പോയതാണൊ, ഞാൻ
ചെയ്ത തെറ്റ്, എന്റെ
പൊന്നുമക്കളെ............

അതെ ഈ ചോദ്യം എല്ലാ വൃദ്ധരായ മാതാപിതാക്കളും തന്റെ മക്കളോട് ചോദിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. കാരണം ഇപ്പോൾ വൃദ്ധസദനങ്ങൾ പെരാകുന്ന ഒരു കാലമാണ്. നമ്മൾ ഇപ്പോൾ എവിടെനോക്കിയാലും വൃദ്ധസദനങ്ങളും കൈയിലുള്ള സഞ്ചിയിൽ നിന്ന് തന്റെ മക്കളുടെ ഫോട്ടോ എടുത്ത് ഹൃദയത്തോട് ചേർത്ത് പിടിച്ച് കരയുന്ന മാതാപിതാക്കളെയുമാണ് കാണാൻ കഴിയുന്നത്.

നമ്മുടെ സമൂഹം ഇപ്പോൾ വലിയ ഒരു മാറ്റത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ വളർച്ചയിലേക്കുള്ള മാറ്റങ്ങളും അതിനെക്കാൾ കൂടുതൽ തകർച്ചയിലേക്കുള്ള മാറ്റങ്ങളും ഉണ്ട്. വൃദ്ധസദനങ്ങൾ പെരുകുന്നത് നമ്മുടെ സമൂഹത്തിന്റെ തകർച്ചയിലേക്കുള്ള മാറ്റങ്ങളുടെ ഒരു ഉദാഹരണമാണ് നമ്മുടെ സമൂഹം ഒരുപാട് തരംതാഴ്ന്ന പോയിരിക്കുന്നു.

തന്റെ മക്കൾ തന്നെ എന്നെങ്കിലും വന്ന് കൂട്ടിക്കൊണ്ടുപോകും എന്ന പ്രതീക്ഷയുമായി ജീവിതം കരഞ്ഞ് കരഞ്ഞ് മുമ്പോട്ടുനീക്കുന്ന മാതാപിതാക്കൾ, വയസ്സായത് ഞങ്ങളുടെ തെറ്റാണൊ എന്റെ പൊന്നുമക്കളെ എന്ന് ചോദിച്ചു അലമുറയിട്ട് കരയുന്ന മാതാപിതാക്കൾ ഹൊ ഇതൊരു ദുഃഖ കാഴചയാണ് മനുഷത്വമുള്ള ആർക്കും കണ്ടുനിൽക്കാൻ പറ്റാത്ത ഒരു കാഴ്ച്ച. ഇതാണൊ വരും തലമുറയ്ക്കു പകർന്നു നൽകേണ്ട പാഠം ഇതിനെയാണൊ നാം പുരോഗതി എന്നു പറയുന്നത് രസമതൊന്നുമല്ല, ഈ വൃദ്ധരായ മാതാപിതാക്കളുടെ മക്കളുടെടെ അവസ്ഥയും ഇതു തന്നെയാണ്. അവരുടെ മക്കൾ തന്റെ മാതാപിതാക്കൾ ചെയ്യുന്ന ക്രൂരത കണ്ടുതന്നെ യല്ലെ വളരുന്നത്. പിന്നെ അവർ എങ്ങനെ ഇതൊക്കെ ചെയ്യാതിരിക്കും എന്നിട്ട് ഇതു തന്നെ ഇങ്ങനെ തുടർന്നുകൊണ്ടിരിക്കും. എല്ലാ മക്കളും ഇതുപോലെയാവണമെന്നില്ല. എന്നാൽ ഒരു 50 % ത്തോളം മക്കൾ ഇതു തന്നെയാണ് ചെയ്യാറുള്ളത്. എന്നാൽ ഈ മക്കളൊന്നും ഒരു കാര്യം ഓർക്കുന്നില്ല. തന്നെ നൊന്തു പ്രസവിച്ച , വളർത്തിയ, പല്ലുതേപ്പിച്ച, കുളിപ്പിച്ച, പഠിപ്പിച്ച, ആഹാരം വരിത്തന്ന, താൻ എന്തു പറയുന്നൊ അത് കൃത്യമായി ചെയ്തുതന്നിരുന്ന, തന്നെ ഒരുപാട് സ്നേഹിച്ചിരുന്ന തന്റെ സ്വന്തം മാതാപിതാക്കളെയാണ് താൻ ഉപേക്ഷിക്കുന്നതെന്ന് എന്നാൽ, അവർക്ക് നിങ്ങളിൽ നിന്ന് പണമൊ നല്ല വീടൊ കാറൊ അങ്ങനെയൊന്നും പ്രതീക്ഷിക്കുന്നില്ല. ഒന്നുമാത്രം, നിങ്ങളുടെ നിഷ്ക്കളങ്കമായ സ്നേഹം അതെ. തന്റെ മക്കളുടെ നിഷ്കളങ്കമായ സ്നേഹം മാത്രമാണ് അവർ ആഗ്രഹിക്കുന്നത്. അതുപോലും നമുക്ക് കൊടുക്കുവാൻ കഴിയില്ലെങ്കിൽ പിന്നെ നമുക്ക് ഈ ലോകത്തിന് വേണ്ടി എന്താണ് ചെയ്യാൻ കഴിയുന്നത് ?

PARVATHEE.A.R
Class: VIII C

# വാല്വ വേണ്ടേ...!

ഒരിടത്തൊരിടത്ത് ചിക്കു എന്നൊരു മുയൽക്കുട്ടൻ താമസിച്ചിരുന്നു. മഹാവികൃതിയായിരുന്നു അവൻ. ഒരു ദിവസം ചിക്കു കാട്ടിലൂടെ നടക്കുംബോൾ അതാ കിടക്കുലന്നു ഏതോ കളിപ്പാട്ടത്തിൻെറ വാൽ! ചിക്കു വേഗം വീട്ടിലെത്തി, എന്നിട്ട് അത് തൻെറ വാലിനോട് ചേർത്ത് കെട്ടി ഗമയിൽ പുറത്തിറങ്ങി. “ചിക്കു നിനക്കെങ്ങനെയാ ഈ വലിയവാൽ കിട്ടിയത് "? കൂട്ടുകാർ ചോദിച്ചു. “അതെനിക്ക് വനദേവത തന്നതാ.” അതും പറഞ്ഞ് ചിക്കു തിരിഞ്ഞുനടന്നു. അപ്പോഴതാ വരുന്നു, ചീരൻ ചെന്നായ! ചീരനെ കണ്ടതും മുയൽക്കുട്ടൻമാരെല്ലാരും ഓടി. ചിക്കുവിന് വേഗത്തിൽ ഓടാൻ കഴിഞ്ഞില്ല. ചീരൻ ചിക്കുവിൻെറ വാലിൽ പിടികൂടി! പക്ഷേ ഒട്ടിച്ചുവച്ച വാലല്ലേ? അതിളകിപ്പോയി! “ഹമ്ബട!കള്ളമുയലേ....” ചീരൻ ചിക്കുവിനു പിന്നാലെ പാഞ്ഞു. ചിക്കു ജീവനും കൊണ്ടോടി! ഒരുവിധം രക്ഷപ്പെട്ട് വീട്ടിലെത്തിയ ചിക്കുവിനെ കൂട്ടുകാർ കണക്കിന് കളിയാക്കി.പിന്നീടൊരിക്കലും അവൻ വികൃതി കാണിച്ചിട്ടില്ല.

നിരഞ്ജന വർദ്ധൻ
8:B

# അമ്മയാകുന്നു ഭൂമി

അമ്മയാക്കുന്നു ഭൂമി

അമ്മയാകുന്ന ഭൂമി

ഭൂമി നീയോരു സ്ത്രീ തന്നയല്ലേ

ഞാനും നിന്നെപോലൊരു സ്ത്രീ തന്നയല്ലേ

നിന്നിലെ മക്കൾ കോടികൾ എങ്കിൽ

എന്നിലെ മക്കൾ നിന്നിലോരാളല്ലേ

ഞാനാണവരുടെ പെറ്റമ്മ എങ്കിൽ

നിയാണവരുടെ പോറ്റമ്മയല്ലേ

ഞാൻ പ്രതികരിച്ചാൽ അവർക്ക് താങ്ങാൻ കഴിയും

നീ പ്രതികരിച്ചാൽ താങ്ങാൻ കഴിയില്ല

അമ്മയാകുന്നു ഭൂമി

അമ്മയാക്കുന്നു ഭൂമി


Meera Venu

X A

# പ്രകൃതി



# കാർട്ടൂൺ



അജ്ന 8A

# സൂര്യകാന്തി




ശിവപ്രിയ ബി എസ്
9C

# നന്ദി

